# ACADEMIC MASTER PLAN

## 2025 – 2026

## VIMALA HRIDAYA H S VIRALY

# ആമുഖം

സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ ഗുണമേൻമ ഉയർത്തുന്നതിനും, അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി രൂപപ്പെടുത്തിയ ഒരു പ്രവർത്തന പദ്ധതിയാണ് സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി.

സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും തുല്യതയിൽ ഊന്നിയുള്ള ഗുണമേൻമ വിദ്യാഭ്യാസം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് സമഗ്ര ഗുണമേൻമ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത്.

# ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും പഠന ലക്ഷ്യങ്ങൾ നേടുന്നുവെന്ന് ഉറപ്പുവരുത്തൽ
- പഠന പ്രവർത്തനങ്ങളുടെ നിലവാരം മെച്ചപ്പെടുത്താൻ
- സകീം ഓഫ് വർക്ക് അനുസരിച്ചുള്ള പഠനം ഉറപ്പാക്കൽ
- കുട്ടികളുടെ പഠന പുരോഗതി വിലയിരുത്താൻ
- കുട്ടികളിലെ പഠനവിടവ് കണ്ടെത്തി കൈത്താങ്ങ് നൽകാൻ
- അധ്യാപന നിലവാരം വിലയിരുത്താൻ
- തെളിവുകളുടെ അടിസ്ഥാനത്തിൽ അക്കാദമിക തീരുമാനങ്ങളെടുക്കാൻ.

# <u>പ്രതീക്ഷിത നേട്ടങ്ങൾ</u>

# <u>(കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ)</u>

- ശിശു സൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
- "സ്കൂൾ സമൂഹത്തിൽ" എന്ന ആശയം സാക്ഷാത്കരിക്കപ്പെടുന്നു.
- വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിപ്പിക്കുന്നു.
- മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
- വിദ്യാഭ്യാസ രംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടുവാൻ കഴിയുന്നു.

# MALAYALAM – UP, HS

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | മാസം |
|---|---|---|---|
| 1 | വായന ഭാഷ യുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേ ദനം നടത്താനും പദസമ്പത്ത് വളർത്താനും പഠി താക്കളെ പ്രാപ്ത രാക്കുക. | 1. ഭാഷയുടെ വ്യവഹാര രൂപങ്ങൾ – കഥ, കവിത, യാത്രനുഭവം, അനുഭ വക്കുറിപ്പ് എന്നിവയിലൂടെ കുട്ടി കൾ തങ്ങളുടെ അവധിക്കാല അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.<br>2. **ഭാഷാകേളി** :<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ച രിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു.<br>3. **വാക്കുകളിൽ നിന്ന് വാകൃത്തി ലേയ്ക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളുടെ ഉൾപ്പെട്ട കാർഡുകളും ഉപയോ ഗിച്ച് പദങ്ങളുടെയും വാക്യങ്ങളു ടെയും നിർമ്മാണം | ജൂൺ<br>ജൂൺ<br>ജൂൺ |
| 2 | പഠിതാവിൽ അർത്ഥപൂർണ്ണ മായ വായന ഉറപ്പ് വരുത്തുക | **<u>വാർത്താ ലോകത്തേക്ക്:</u>**<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാ രണ ശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>**<u>വാർത്താ വായന</u>**<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടി കളെക്കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെ ടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | എല്ലാ ദിവ സവും<br>പ്രതിമാസം |
| 3 | വായന ദിനം | • വായന മൂല ക്രമീകരണം<br>• വായനക്കുറിപ്പ് തയ്യാറാക്കൽ<br>• വായന മത്സരം<br>• പി.എൻ പണിക്കർ ജീവചരിത്ര | ജൂൺ 19 മുതൽ 25 വരെ |

| | | | |
|---|---|---|---|
| | | ക്കുറിപ്പ് തയ്യാറാക്കൽ<br>• വായന മത്സരം<br>• വായനയുമായി ബന്ധപ്പെട്ട ഉദ്ധരിണികൾ (പോസ്റ്റർ) സംവാദം/മുഖാമുഖം | |
| 4 | സാഹിത്യ കൃതികളോടും, സാഹിത്യകാരൻ മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | **<u>സംവാദം (മുഖാമുഖം)</u>**<br>സാഹിത്യകാരൻമാർ, എഴുത്തുകാർ കലാകാരൻമാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദവും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവിശ്യം |
| 5 | മലയാളം കമ്പ്യൂട്ടിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗാത്മ ശേഷി വളർത്തലും | **<u>ഇ - കമ്പ്യൂട്ടിംഗ്</u>**<br>മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ - മാഗസീൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് സ്കൂൾ മാഗസീൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം<br>വർഷാവസനം |
| 6 | ബഷീർ ചരമ ദിനം ജൂലൈ - 5 | • ബഷീർ കൃതികളുടെ അവതരണം<br>• ബഷീർ ദിന ക്വിസ്<br>• ബഷീർ അനുസ്മരണക്കുറിപ്പ് തയ്യാറാക്കൽ<br>• ഡോക്യുമെന്ററി നിർമ്മാണം | ജൂലൈ 5 |
| 7 | ലോക നാട്ടറിവ് ദിനം ഓഗസ്റ്റ് –- 22 | • ശൈലികളും, പഴഞ്ചൊല്ലുകളും ശേഖരണം<br>• നാടൻ പാട്ടുകളുടെ ശേഖരണവും അവതരണവും<br>• അഭിമുഖം (പ്രായമുള്ള വ്യക്തികളിൽ നിന്നും നാട്ടറിവുകൾ കണ്ടെത്തൽ/ ശേഖരിക്കൽ) | ആഗസ്റ്റ് 15 മുതൽ 22 വരെ |
| 8 | ലോകവൃദ്ധ ദിനം ഒക്ടോബർ - 1 | • വൃദ്ധരെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പ്രഭാഷണം<br>• വൃദ്ധർ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിന് സർവ്വേ | ഒക്ടോബർ - 3 |
| 9 | വയലാർ ചരമ ദിനം ഒക്ടോബർ 27 | • വയലാറിന്റെ നാടകഗാനങ്ങളുടെ ദൃശ്യാവിഷ്കരണം<br>• വയലാറിന്റെ സിനിമാഗാനാലാപനം<br>• വയലാറിന്റെ ജീവചരിത്രക്കുറിപ്പ് നിർമ്മാണം | ഒക്ടോബർ - 27 |

| | | | |
|---|---|---|---|
| 10 | എഴുത്തച്ഛൻ ദിനം<br>ഡിസംബർ – 1 | • ജീവചരിത്രകുറിപ്പ് തയ്യാറാക്കൽ<br>• അക്ഷരശ്ലോകം<br>• എഴുത്തച്ഛൻ കൃതികളുടെ ഭാഷാപരമായ പ്രത്യേകതകളെക്കുറിച്ചുള്ള സംവാദം | ഡിസംബർ – 1 |
| 11 | വയലാർ ദിനം<br>ജനുവരി – 16 | • ആശാൻ കൃതികളുടെ ആലാപനം<br>• അന്ത്യാക്ഷരി<br>• ആശാൻ കൃതികളുടെ ശേഖരണം | ജനുവരി – 16 |
| 12 | പദവൃക്ഷം | • പദവൃക്ഷം തയ്യാറാക്കൽ (പ്രചാരലുപ്തമായ പദങ്ങൾ) | ഫെബ്രുവരി |

# **ENGLISH – UP, HS**

| AIM | ACTIVITY | TIME |
|---|---|---|
| To Develop communication skill of children | • English Library Renovation<br>• English Corner Story Time<br>• English Assemble | June to February |
| To give chance for performance based activities | • **Cinema & Documentary :** Prepare profile & Script after watching English movies.<br>• Role play & Choreography. | Class Room Activity |
| To provide opportunity to read and write individually | • Picture story Reading<br>• Story Creation<br>• Public Speaking, News Paper Reading Competition | Class Room Activity Assembly |
| Dramatization | • English Skit<br>• Puppet Show<br>• English Assemble | June to February |
| To Enable them to write and Recite the Poems | • Gives Opportunity to hear English Audio Books<br>• Writing Appreciation to the poems<br>• Book Reviews | Twice in the year |
| Make use of Digital Medias in developing English Language | • Video Conference<br>• Video Recordings<br>• English Fest, English Films | Once in the Academic year |
| Debate | • Find Situations from the Lessons for Debate<br>• Shows Videos or debate | Class Room Activity |

# HINDI - UP, HS

| | മേഖല | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1 | അക്ഷരബോധം ഉറപ്പി ക്കൽ വാക്കുകൾ, വാക്യ ങ്ങൾ പരിചയപ്പെടുത്തൽ | അക്ഷരമരം, അക്ഷരമാല ചാർട്ട്, വൃക്ഷത്തൈ വിതരണം, പോസ്റ്റർ, വായന മുറി, വായന കാർഡ് തയ്യാറാ ക്കൽ | ജൂൺ |
| 2 | പ്രേം ചന്ദ് ജയന്തി | പോസ്റ്റർ, പ്രസംഗം, ക്വിസ് മത്സരങ്ങൾ, പെൻസിൽ ഡ്രോയിംഗ് | ജൂലൈ |
| 3 | സ്വാതന്ത്ര്യ ദിനം | പോസ്റ്റർ, ദേശഭക്തിഗാനം, പ്രസംഗം | ആഗസ്റ്റ് |
| 4 | ഹിന്ദി | • അസംബ്ലി, കവിതാലപനം, പോസ്റ്റർ<br>• കവിതാരചന, ചിത്രരചന (വീ ഡിയോ തയ്യാറാക്കൽ) | സെപ്റ്റംബർ |
| 5 | സേവന വാരം | • പോസ്റ്റർ, പ്രസംഗം, ശുചീകരണ പ്രവർത്തനങ്ങൾ, ഡോക്യൂ മെന്ററി തയ്യാറാക്കൽ | ഒക്ടോബർ |
| 6 | ശിശു ദിനം | തൊപ്പി നിർമ്മാണം, പോസ്റ്റർ, പ്രസംഗം വീഡിയോ നിർമ്മാണം | നവംബർ |
| 7 | ക്രിസ്തുമസ് | ക്രിസ്തുമസ് കാർഡ് നിർമ്മാണം ക്രിസ്തുമസ് ആഘോഷം | ഡിസംബർ |
| 8 | റിപ്പബ്ളിക് ദിനം | പ്രസംഗം, പോസ്റ്റർ, ദേശഭക്തിഗാനം | ജനുവരി |
| 9 | തുടർ പ്രവർത്തനങ്ങൾ | പതിപ്പ് തയ്യാറാക്കൽ | ഫെബ്രുവരി |

# SCIENCE – UP, HS

| | | | |
|---|---|---|---|
| 1 | ലോക പരിസ്ഥിതി ദിനം (ജൂൺ – 5) | വൃക്ഷതൈ നടൽ, സഹപാഠിക്കൊരു വൃക്ഷകൈത, സ്പെക്ഷ്യൽ അസംബ്ലി, ഫീൽഡ് ട്രിപ്പ് | ജൂൺ 2 – 6 |
| 2 | അന്തർ ദേശീയ രക്ത ദാന ദിനം ജൂൺ – 14 | പോസ്റ്റർ നിർമ്മാണം, ബോധവത്കരണ ക്ലാസ് | ജൂൺ 14 – 18 |
| 3 | ലോക ലഹരി വിരുദ്ധ ദിനം (ജൂൺ – 26) | പോസ്റ്റർ നിർമ്മാണം ഫ്ളാഷ് മൊബ് ബോധവത്കരണ ക്ലാസ് (വിദഗ്ധനുമായി സംവാദം) | ജൂൺ – 23 – 28 |
| 4 | ചാന്ദ്ര ദിനം (ജൂലൈ – 21) | ക്വിസ് ആൽബം നിർമ്മാണം, ഡോക്യൂമെന്ററി | ജൂലൈ 17 – 22 |
| 5 | A P J അബ്ദുൾ കലാം ചരമ ദിനം (ജൂലൈ – 27) | ജീവചരിത്ര കുറിപ്പ് അവതരണം | ജൂലൈ 23 –28 |
| 6 | ലോക അവയവ ദാന ദിനം ( ആഗസ്റ്റ് – 13) | ബോധവത്കരണ ക്ലാസ് (വിദഗ്ധനുമായി സംവാദം) | ആഗസ്റ്റ് 13 – 18 |
| 7 | ഓസോൺ ദിനം (സെപ്റ്റംബർ – 16) | ഉപന്യാസ മത്സരം (ഓസോൺ ശോഷണം) | സെപ്റ്റംബർ 15– 20 |
| 8 | ലോക ബഹിരാകാശ വാരം ഒക്ടോബർ (4– 10) | ബഹിരാകാശ യാത്രികരെ കുറിച്ചുള്ള മാഗസിൻ തയ്യാറാക്കൽ | ഒക്ടോബർ 4 – 10 |
| 9 | ലോക ഭക്ഷ്യദിനം ഒക്ടോബർ – 16 | പോഷക സമൃദ്ധമായ നാടൻ ഭക്ഷ്യമേള | ഒക്ടോബർ 15 – 20 |
| 10 | അന്താരാഷ്ട്ര ശാസ്ത്ര ദിനം (നവംബർ – 10) | A I യുടെ പ്രാധാന്യം (ഡോക്യാമെന്ററി) ഫീൽഡ് ട്രിപ്പ് | നവംബർ 6 – 10 |
| 11 | ദേശീയ പ്രമേഹ ദിനം (നവംബർ 14) | ബോധവത്കരണ ക്ലാസ് | നവംബർ 13 – 18 |
| 12 | മലിനീകരണ നിയന്ത്രണ ദിനം (ഡിസംബർ – 3) | ലഘുലേഖ വിതരണം, പ്ലാസ്റ്റിക് രഹിത വിദ്യാലയം | ഡിസംബർ 1 – 5 |
| 13 | ലോക അർബുദ ദിനം (ഫെബ്രുവരി – 4) | ബോധവത്കരണ ക്ലാസ് | ഫെബ്രുവരി 2 – 6 |

# MATHS – HS, UP

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|---|
| 1 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരി യിൽ എത്തിക്കുന്നു. | പ്രിടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യ വാരം |
| 2 | നിർമിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയ പെട്ടിയുടെ ലഭ്യത ശില്പശാലകൾ | തുടർപ്ര വർത്തനം |
| 3 | ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ക്ലാസ് റൂമുകളിൽ രൂപങ്ങൾ പ്രവദർശിപ്പിക്കൽ | തുടർപ്ര വർത്തനം |
| 4 | ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോ ജപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതു ഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോ ലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്തി കൊണ്ട് കുട്ടികളിൽ എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവ ശ്യം |
| 5 | സംഘബോധം ഉണ്ടാ ക്കൽ | സംഘ പഠനം | തുടർപ്ര വർത്തനം |
| 6 | അധ്യാപകർ കാലാനു സൃതമായി ചെയ്ത് ചെറിയ ക്ലാസ് മുതലു ളള തുടർപഠനം സാധ്യ മാക്കി കുട്ടികളിൽ അടി സ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദ മിക വർഷം തുടർപ്ര വർത്തനം |
| 7 | ഗണിത വിഷയത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | കുട്ടികളും ഗണിത അധ്യാപകരും ചേർന്നുളള കൂട്ടായ്മ | ജൂൺ - മാർച്ച് |
| 8 | ഗണിത മത്സര വേദിയി ലേക്ക് മേളകളിൽ ഊർജസ്വലത കൈവ രിക്കൽ | ഗണിത ക്ലബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാവപ്തരാക്കൽ | മാസത്തിൽ ഒന്ന് |
| 9 | ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരങ്ങൾ ശേഖരിക്കൽ | മെയ് to ജൂൺ |
| 10 | രക്ഷിതാക്കളെ ബോധ വൽകരിക്കൽ | മാസത്തിൽ ഒരു പി.ടി.എ നടത്തുന്ന ചുമതലകൾ നൽകുന്നു. | ജൂൺ to മാർച്ച് |

# SOCIAL SCIENCE - UP, HS

| | | | |
|---|---|---|---|
| 1 | പ്രവവേശനോത്സവം | നവാഗതരായ കുട്ടികളെ സ്വാഗതം ചെയ്യുന്നു. | ജൂൺ – 2 |
| 2 | പരിസ്ഥിതി ദിനം | വൃക്ഷതൈ നടൽ, പോസ്റ്റർ, ക്വിസ് | ജൂൺ – 5 |
| 3 | ജനസംഖ്യാ ദിനം | പോസ്റ്റർ, ക്വിസ്, പ്രസംഗം | ജൂലൈ |
| 4 | ഹിരോഷിമ ദിനം | പോസ്റ്റർ, സഡാക്കു കൊക്ക് നിർമ്മാണം, ക്വിസ്, യുദ്ധവിരുദ്ധറാലി, സഡാക്കോ സസുക്കിയുടെ വേഷമണിഞ്ഞ കുട്ടികൾ, റാലി, മുദ്രാവാക്യ നിർമ്മാണം | ആഗസ്റ്റ് – 6 |
| 5 | നാഗസാക്കി ദിനം ക്വിറ്റിന്ത്യാ ദിനം | സെമിനാർ, സംവാദം | ആഗസ്റ്റ് – 9 |
| 6 | സ്വാതന്ത്ര്യദിനം | സ്വാതന്ത്ര്യ സമരസേനാനികളുടെ വേഷമണിഞ്ഞ കുട്ടികൾ, സ്വാതന്ത്ര്യ ദിന ക്വിസ്, പതിപ്പ്, പ്രസംഗം, സാമൂഹ്യ ശാസ്ത്രമേള, സ്വാതന്ത്ര്യ ദിന റാലി | ആഗസ്റ്റ് 15 |
| 7 | അധ്യാപക ദിനം | ഗുരുമുദ്ര, മെഴുകുതിരി കത്തിക്കൽ കുട്ടികൾ ക്ലാസ് എടുക്കുന്നു. | സെപ്റ്റംബർ 5 |
| 8 | ഓസോൺ ദിനം | ക്വിസ്, പോസ്റ്റർ | സെപ്റ്റംബർ – 2 |
| 9 | ഗാന്ധി ജയന്തി | ഗാന്ധിവേഷം ധരിച്ച് കുട്ടികൾ ശുചീകരണം, പഠനയാത്ര ക്വിസ്, പ്രസംഗം | ഒക്ടോബർ –2 |
| 10 | തപാൽ ദിനം | തപാൽ സ്റ്റാമ്പുകളുടെ പ്രദർശനം ഉപന്യാസം | ഒക്ടോബർ – 9 |
| 11 | ഐക്യരാഷ്ട്ര ദിനം | ക്വിസ്, പ്രസംഗം | ഒക്ടോബർ 24 |
| 12 | കേരള പിറവി | ചിത്രരചന, കേരളീയ വേഷം ധരിച്ച കുട്ടികൾ | നവംബർ – 1 |
| 13 | ഭരണഘടനാ ദിനം | ആമുഖ വായന | നവംബർ 26 |
| 14 | ശിശു ദിനം | നെഹ്റു വേഷം ധരിച്ച കുട്ടികൾ ശിശു ദിന റാലി | നവംബർ 14 |
| 15 | മനുഷ്യാവകാശ ദിനം | പോസ്റ്റർ നിർമ്മാണം, സംവാദം | ഡിസംബർ 10 |
| 16 | റിപ്പബ്ലിക്ക് ദിനം | ക്വിസ്, വിവിധതരം വേഷം ധരിച്ച കുട്ടികൾ, റാലി | ജനുവരി 26 |
| 17 | സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാ ദിനം | ബോധവത്കരണ ക്ലാസ്സ് | ഫെബ്രുവരി |
| 18 | പഞ്ചായത്ത് രാജ് ദിനം | പഞ്ചായത്ത് സന്ദർശനം | ഫെബ്രുവരി 19 |

| മേഖല – ഹൈസ്കൂൾ – സാമൂഹ്യശാസ്ത്രം | | |
|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** |
| 1) പഠിതാക്കളെ ചരിത്രാവ ബോധം ഉള ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | **കാടും മേടും**: ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു.<br><br>**വയൽ കിളികൾ**: സാമൂഹ്യശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു. നിശ്ച യിച്ച് തീയ്യതികളിൽ |
| 2) ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗര ബോധം, മൂല്യ ബോധം ഇവ വളർത്തജശ | **ഒന്നായി നമ്മൾ**: സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ്, പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ |
| 3) വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം. | ചരിത്ര കൊട്ടാരം: വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | അക്കാദമിക വർഷം മുഴുവനും |
| 4) സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സ്റ്റാർട്ട് അപ്പ്: സാമൂഹ്യ ശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു ആകാശ കാഴ്ചകൾ, കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുന്നു | വർഷം മുഴുവനും |

| | | |
|---|---|---|
| 5) മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക. | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ: സർവ്വേ്യ പ്രൊജക്ട്, ചർച്ചകൾ, സംവാദം, ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം |
| 6) ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | പട്ടുപാതയിലൂടെ: ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായയ പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെയ്ക്കുന്നു. അറ്റ്ലസ്, മാപ്പുകൾ സ്ലോബ് എന്നിവ പരിചിതമാക്കുന്നു. | വർഷം മുഴുവനും |
| 7) കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക. | ടമെ സിനിമ റൂം: സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രവദർശനം, പ്രൊജക്ട് റൂം etc സിനിമ (ചരിത്ര സിനിമ പ്രദർശനം) | അക്കാദമിക വർഷം മുഴുവനും |

## ജൂണിലെ പ്രധാന പ്രവർത്തനങ്ങൾ

1. സ്കൂൾ പ്രവേശനോത്സവം
2. ഭിന്നശേഷി കുട്ടികൾക്കായുള്ള മെഡിക്കൽ ക്യാമ്പ്
3. സമഗ്ര ഗുണമേൻമാ വിദ്യാഭ്യാസ പദ്ധതി പ്രവർത്തനങ്ങൾ - ആരംഭം
4. സ്കൂൾ അക്കാദമിമ മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ
5. സ്ക്കൂൾ ചലച്ചിത്രോത്സവം
6. ലിറ്റിൽ കൈറ്റ്സ് : സ്കൂൾതല സമിതിയോഗം
7. ലിറ്റിൽ കൈറ്റ്സ് : പുതിയ ബാച്ചിലേയ്ക്കുള്ള എട്ടാം ക്ലാസിലെ അംഗങ്ങളെ തെരഞ്ഞെടുക്കൽ - അഭിരുചി പരിക്ഷ
8. ലിറ്റിൽ കൈറ്റ്സ് : സ്കൂൾ തല പരിശീലനം (ക്ലാസ് - 9)
   ലിറ്റിൽ കൈറ്റ്സ് : പ്രാഥമിക ക്യാമ്പ് (ക്ലാസ് - 8)
9. സ്കൂൾ തല ഭിന്നശേഷി സ്ക്രീനിംഗ് കമ്മിറ്റി രൂപീകരിക്കൽ
10. വിദ്യാരംഗം - സ്കൂൾ കോ - ഓർഡിനേറ്റർമാരുടെ തെരഞ്ഞെടുപ്പ്
11. വിദ്യാരംഗം സ്കൂൾതല യൂണിറ്റ് രൂപഗന്റക്കരണം
12. വിദ്യാരംഗം സർഗ്ഗശേഷിയുള്ള കുട്ടികളെ കണ്ടെത്തി ഗ്രൂപ്പുകളായി തിരിക്കൽ
13. സംസ്കൃതം അക്കാദമിക് കൗൺസിൽ രൂപീകരണം
14. സംസ്കൃത ക്ലബ്ബ് രൂപീകരണം
15. സ്കൂൾ ഉച്ചഭക്ഷണം പദ്ധതി ആരംഭം - ജൂൺ 2
16. ഉച്ചഭക്ഷണം കഴിക്കുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ട അവസാന തിയതി - 15
17. സ്കൗട്ട് & ഗൈഡ്സ് ലോക പരിസ്ഥിതി ദിനാചരണം (യൂണിറ്റ് തലം) -ജൂൺ -5
18. സ്കൗട്ട് & ഗൈഡ്സ് യൂണിറ്റുകളുടെ സെൻസസ് റിപ്പോർട്ട് ജില്ലകളിൽ സമർപ്പിക്കൽ ജൂൺ- 30
19. ''കുടെയുണ്ട് കരുത്തേകാൻ'' പദ്ധതിയുടെ ഭാഗമായി 2 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കായി ലഹരി ദുരുപയോഗത്തിനെതിരെ ബോധവൽക്കരണ ക്ലാസ്
20. 'മാലിന്യ മുക്ത ലഹരി കേരളം' പ്രതിജ്ഞ
21. ജാഗ്രതാ സമിതിയുോെ പുനഃക്രമീകരണം
22. ''കുടെയുണ്ട് കരുത്തേകാൻ'' അദ്ധ്യാപകർക്കും, പി റ്റി എ അംഗങ്ങൾക്കും ബോധവൽക്കരണം.
23. ''കുടെയുണ്ട് കരുത്തേകാൻ'' - രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണം
24. ലഹരി വിരുദ്ധ സന്ദേശം ഉൾക്കൊള്ളുന്ന ആസ്വാദന കുറിപ്പ് തയ്യാറാക്കൽ/ വായനാ മത്സരങ്ങൾ
25. യോഗ മോട്ടിവേഷൻ സെക്ഷനുകൾ. ഗാമൂഹിക മാധ്യമ പ്രചാരണം
26. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി- സ്കൂൾ പ്രത്യേക അസംബ്ലി, ലഹരി വിരുദ്ധ സന്ദേഷം, ലഹരി വിരുദ്ധ റാലി, ഫ്ളാഷ് മോബ് സ്കിറ്റ് , ലഘു വ്യായാമങ്ങൾ, സൂംബ ഡിസ്പ്ലേ

## ജൂണിലെ അദ്ധ്യായന ദിനങ്ങൾ

**യു പി - 20**

**എച്ച് എസ് - 20**

## <u>ജൂലൈയിലെ പ്രധാന പ്രവർത്തനങ്ങൾ</u>

- പഠന പരിപോഷണ പരിപാടികൾ
- പ്രകൃതി സംരക്ഷണ ശില്പശാലകൾ
- ലിറ്റിൽ കൈറ്റ്സ്: സ്കൂൾതല പരിശീലനം
- സ്കൂൾ ഐ.ടി. കോ-ഓർഡിനേറ്റർമാരുടെ യോഗം
- സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റി രൂപീകരിക്കൽ
- ഭിന്നശേഷി സ്ക്രീനിംഗ് കമ്മിറ്റി കുട്ടികളുടെ വിശദാംശങ്ങൾ ശേഖരിക്കലും കണ്ടെത്തലും.
- വിദ്യാരംഗം-സകൂൾതല സർഗോത്സവം
- വാങ്മയം-സ്കൂൾതല പരീക്ഷ

## ജൂലൈയിലെ അധ്യയന ദിനങ്ങൾ

**Up - 23**

**Hs - 23**

അധിക പ്രവൃത്തി ദിനം - July-26

## ആഗസ്റ്റിലെ പ്രധാന പ്രവർത്തനങ്ങൾ

- ലിറ്റിൽ കൈറ്റ്സ്. സ്കൂൾതല പരിശീലനം-8,9 ക്ലാസ്
- സ്കൂൾതല ഐ.ടി ക്വിസ്
- വിര നിവാരണ ഗുളിക വിതരണം
- ഭിന്നശേഷി/ പഠനവൈകല്യം സംശയിക്കപ്പെടുന്ന കുട്ടികളെ കണ്ടെത്തൽ
- ടാലന്റ് ലാബ്-കിനാവ്
- ന്യൂസ് ബുള്ളറ്റിൻ
- സമഗ്ര ഗുണമേൻമ , പദ്ധതി- തൊഴിൽ വിദ്യാദ്യാസം
- വിദ്യാസാഹിതി കവിതാ ശില്പശാല
- സ്വാതന്ത്ര്യ ദിനാഘോഷം
- സ്കൗട്ട് & ഗൈഡ് IMF,IRF,Reg. Renewal
- ഹൈസ്കൂളുകളിൽ സ്കൗട്ട് & ഗൈഡ് ടോക്കൺ ഫ്ളാഗ് വിതരണം നടത്തിയ തുക സ്കൂളുകൾ DEO ഓഫീസുകളിൽ അടക്കണം
- SPC നിലവിലുള്ള സ്കൂൾ മേധാവികൾക്കായുള്ള പരിശീലനം
- അധ്യാപകദിന സ്റ്റാമ്പ് ശേഖരണം
- സയൻസ് സെമിനാർ
- ഭാസ്ക്കരാചാര്യ സെമിനാർ
- വാർത്ത വായന മത്സരം
- ലഹരി വിരുദ്ധ ആശയം പ്രമേയമാക്കി കവിതാ രചന ചെറുകഥാ രചന, സംവാദം, ഉപന്യാസം, പ്രസംഗ മത്സരങ്ങൾ
- ദേശദക്തിഗാന മത്സരങ്ങൾ, റീൽസ് നിർമ്മാണം

### ആഗസ്റ്റിലെ അധ്യയന ദിനങ്ങൾ

UP - 19
HS - 19

**അധിക പ്രവർത്തിദിനം -** August 16, HS

**ഒന്നാം പാദവാർഷിക പരീക്ഷ ആഗസ്റ്റ് 20 മുതൽ 29 വരെ**

## സെപ്റ്റംബറിലെ പ്രധാന പ്രവർത്തനങ്ങൾ

- അവധിയ്ക്കുശേഷം സ്കൂൾ തുറക്കുന്ന ദിനം
- ലിറ്റിൽ കൈറ്റ്സ്:സ്കൂൾതല പരിശീലനം-8,9 ക്ലാസ്
- ജില്ലാതല ഐ.ടി. ക്വിസ്
- ലിറ്റിൽ കൈറ്റ്സ് അസൈൻമെന്റ് സമർപ്പണം- ക്ലാസ് 10
- സംസ്കൃത ദിനാഘോഷം
- ന്യൂമാറ്റ്സ് വെക്കേഷൻ ക്യാമ്പ്
- സ്റ്റെപ്സ് ജില്ലാതല തെരഞ്ഞടുപ്പ്
- ഭിന്നശേഷി കുട്ടികൾക്കുള്ള മെഡിക്കൽ ബോർഡ്
- പരിശോധനയും സർട്ടിഫിക്കറ്റ് നൽകലും
- പരീക്ഷാനുകൂല്യം ആവശ്യമുള്ള ഭിന്നശേഷിക്കാരായ കുട്ടികളുടെ അപേക്ഷ, മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ഉൾപ്പെടെ സ്കൂളുകളിൽ സ്വീകരിക്കേണ്ട അവസന തിയതി സെപ്റ്റംബർ-30
- ടാലന്റ് ലാബ്-പരിശീലനം
- സ്പീക്ക് ഇംഗ്ലീഷ് -പരിശീലനം
- അധ്യാപക ദിനാഘോഷം
- കേരള സ്കൂൾ കലോത്സവം
- കേരള സ്കൂൾ ശാസ്ത്രോത്സവം
- സയൻസ് ഡ്രാമ കോമ്പറ്റീഷൻ
- ടാലന്റ് സെർച്ച് സയൻസ്
- സി വി രാമൻ ഉപന്യാസ രചനാ മത്സരം
- ഭാസ്കരാചാര്യ സെമിലാർ
- ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ
- മാത്സ് ടാലന്റ് സെർച്ച്
- വാർത്താ വായന മത്സരം
- ടാലന്റ് സെർച്ച് സോഷ്യൽ സയൻസ്
- ഗാന്ധിദർശൻ പദ്ധതിയുടെ തുടക്കം - ഗാന്ധിയൻ ജീവിത ശൈലിയും ലഹരി മുക്ത ലോകവും, മക്കളോടൊപ്പം രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണം
- 'ലഹരി ഒഴിവാക്കൂ - ആരോഗ്യത്തെ സംരക്ഷിക്കൂ' എന്ന ആശയം ഉൾക്കൊള്ളുന്ന പരിപാടി
- ആരോഗ്യ പരിശോധന ക്യാമ്പുകൾ

## സെപ്റ്റംബറിലെ അധ്യായന ദിനങ്ങൾ

**യു പി - 17**

**എച്ച് എസ് - 17**

## ഒക്ടോബറിലെ പ്രധാന പ്രവർത്തനങ്ങൾ

- അർദ്ധ വാർഷിക ഐ ടി പരീക്ഷ
- സംസ്കൃത ദിനാഘോഷം
- വിദ്യാലയ ആരോഗ്യ പരിപോഷണ വാരാചരണം
- സ്കൂൾ പിന്തുണ സംവിധാനങ്ങളുടെ പരിശീലനം
  (PTA, SMC, MPTA, CPTA, SRG)
- കേരള സ്കൂൾ സബ്ജില്ല കലോത്സവം
- കേരള സ്കൂൾ സബ്ജില്ല ശാസ്ത്രോത്സവം
- ദന്ത പരിശോധന ക്യാമ്പുകൾ
- ലഹരി ഉപയോഗം മൂലം ഉണ്ടാകുന്ന രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ നോട്ടീസുകൾ വിതരണം
- സമ്പൂർണ്ണ ലഹരി മുക്ത വിദ്യാലയം, ചില സൂചകങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ വിദ്യാലയങ്ങളും സമ്പൂർണ്ണ ലഹരി മുക്ത വിദ്യാലയങ്ങളായി പ്രഖ്യാപിക്കുന്നു
- സൗഹൃദ അദ്ധ്യാപകർക്കുള്ള പരിശീലനം
- ലിറ്റിൽ കൈറ്റ്സിനെ ഉപയോഗപ്പെടുത്തി സോഷ്യൽ മീഡിയ, വെബ് പേജ് എന്നിവയിലൂടെയുള്ള പ്രചരണം, സൈബർ സുരക്.യുമായി ബന്ധപ്പെട്ട ബോധവൽക്കരണം

### അധിക പ്രവൃത്തി ദിനങ്ങൾ

**എച്ച് എസ്** – **ഒക്ടോബർ 4**

**യു പി & എച്ച് എസ്** – **ഒക്ടോബർ 25**

## ഒക്ടോബറിലെ അധ്യായന ദിനങ്ങൾ

**യു പി** – **21**

**എച്ച് എസ്** – **22**

# നവംബറിലെ പ്രധാന ദിനങ്ങൾ

- സ്കൗട്ട് & ഗൈഡ് പതാക ദിനം/സ്ഥാപക ദിനം
- രാജ്യപുരസ്കാർ സ്കൗട്ട് & ഗൈഡ് രജിസ്ട്രേഷൻ ഫോറം നൽകണം
- ന്യൂമാറ്റ്സ് - സ്കൂൾതലം
- സ്റ്റെപ്പ്സ് സ്കൂൾതലം തെരെഞ്ഞെടുപ്പ്
- കേരള സ്കഊൽ കലോത്സവം - ജില്ല
- കേരള സ്കൂൾ ശാസ്ത്രമേള - സംസ്ഥാനം
- സയൻസ് ഡ്രാമ കോമ്പറ്റീഷൻ - സംസ്ഥാനം
- സി വി രാമൻ ഉപന്യാസ രചനാ മത്സരം - സംസ്ഥാനം
- ഭാസ്കരാചാര്യാ സെമിനാർ - സംസ്ഥാനം
- ശ്രീനിവാസ രാമാനുജൻ പേപ്പർ പ്രസന്റേഷൻ - സംസ്ഥാനം
- നവംബർ -1 കുട്ടികൾക്ക് ബഹു. മുഖ്യമന്ത്രിയുടെ സന്ദേശം
- ഫിലിം ഫെസ്റ്റിവൽ
- ജീവിത നാപുണികൾ വിദ്യാർത്ഥികൾക്കുള്ള പരിശീലനം

## നവംബറിലെ അധ്യായന ദിനങ്ങൾ

**യു പി** - **20**

**എച്ച് എസ്** - **20**

# ഡിസംബറിലെ പ്രധാന പ്രവർത്തനങ്ങൾ

- സംസ്കൃത പഠനയാത്ര
- സഹവാസ ക്യാമ്പ്
- സ്കൗട്ട് & ഗൈഡ് യൂണിറ്റുതല വാർഷി ക്യാമ്പുകൾ
- ലഹരി – 'തെളിവാനം വരയ്ക്കുമ്പോൾ' എന്ന പുസ്തകത്തെ അടിസ്ഥാമനമാക്കി സ്കൂൾ തലത്തിൽ ക്വിസ്
- യെല്ലോ ലൈൻ ക്യാമ്പയിൻ
- 'ജീവിതോത്സവം' സപ്തദിന സഹവാസ ക്യാമ്പ്
- സംസ്ഥാന കായികമേള 'കളിക്കളം'
- സംസ്ഥാന കലാമേള 'സർഗ്ഗോത്സവം'

## രണ്ടാം പാദവാർഷിക പരീക്ഷ

## ഡിസംബർ 11 മുതൽ 18 വരെ

## ഡിസംബറിലെ അധ്യായന ദിനങ്ങൾ

| | |
|---|---|
| **യു പി** | **– 18** |
| **എച്ച് എസ്** | **– 18** |

# ജനുവരിയിലെ പ്രധാന പ്രവർത്തനങ്ങൾ

- മോഡൽ ഐ ടി പരീക്ഷ ജനുവരി രണ്ടാം വാരം
- അധ്യാപകർക്കുള്ള റിഫ്രഷർ ഐ ടി പരിശീലനം
- സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ ഹൈസ്കൂൾ വിഭാഗം
- സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷ യു പി വിഭാഗം
- ന്യൂമാറ്റ്സ്- സബ്ജില്ലാതലം - ജനുവരി 15
  ജില്ലാതലം - ജനുവരി 29
- സ്റ്റെപ്സ് - സബ്ജില്ലാതലം - ജനുവരി 16
  ജില്ലാതല തെരെഞ്ഞെടുപ്പ് - ജനുവരി 29
- സതേൺ ഇന്ത്യ സയൻസ് ഫെയർ - സ്കൂൾതലം
- വ്യായാമം, കായിക പ്രവർത്തനം എന്നിവയുടെ പ്രാധാന്യം സംബന്ധിച്ച് പ്രചരണ റാലികൾ
- ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സ്കൂളുകൾക്ക് അംഗീകാരം
- 'ലഹരി - അഹിംസ ഗാന്ധിജിയുടെ വീക്ഷണത്തിൽ' എന്ന ആശയം മുൻനിർത്തി മത്സരങ്ങൾ

## ജനുവരിയിലെ അധ്യായന ദിനങ്ങൾ

**യു പി - 20**

**എച്ച് എസ് - 22**

## അധിക പ്രവൃത്തി ദിനങ്ങൾ

**ജനുവരി - 3,31**

## ഫെബ്രുവരിയിലെ പ്രധാന പ്രവർത്തനങ്ങൾ

- പഠനോത്സവം
- വിരനിവാരണ ഗുളിക വിതരണം
- വിദ്യാരംഗം - മാതൃഭാഷാ സെമിനാർ
- ലോക സ്കൗട്ട് ദിനം / പരിചിന്തന ദിനം - ഫെബ്രുവരി 22
- ഹരിത കേരളം മിഷൻ
- ഹരിത വിദ്യാലയം
- ഒരു തൈ നടാം

## S S L C IT Exam
## S S L C Model Exam

## ഫെബ്രുവരിയിലെ അധ്യായന ദിനങ്ങൾ

**യു പി - 20**

**എച്ച് എസ് - 20**

## <u>മാർച്ചിലെ പ്രധാന പ്രവർത്തനങ്ങൾ</u>

- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി - വാർഷിക വിലയിരുത്തൽ
- വാർഷിക പരീക്ഷ (1 മുതൽ 9 വരെയുള്ള ക്ലാസ്സുകൾക്ക്) മാർച്ച് ആദ്യവാരം
- എസ് എസ് എൽ സി പരീക്ഷ - മാർച്ച് 2026
- മധ്യ വേനലവധിക്ക് സ്കൂൾ അടയ്ക്കുന്ന ദിവസം - മാർച്ച് 31

## S S L C Final Exam March 2026

## മാർച്ചിലെ അധ്യായന ദിനങ്ങൾ

**യു പി** - **22**

**എച്ച് എസ്** - **22**

# മികവുകൾ, നേട്ടങ്ങൾ

| നടപ്പു വർഷം | മുൻവർഷം |
| --- | --- |
| • സ്കൂൾ മേറ്റ്സ് - ഇംഗ്ലീഷ് ബജനുറ്റിൻ<br>• പ്രദേശിക പി ടി എ യോഗങ്ങൾ<br>• 10-ാം ക്ലാസ്സ് 100% വിജയം<br>• മുഴുവൻ കുട്ടികളുടെയും ഭവന സന്ദർശനം<br>• പഠനക്കൂട്ടങ്ങൾ<br>• ക്ലാസ്സ് പി ടി എ<br>• വിജ്ഞാനോത്സവം<br>• പച്ചക്കറിത്തോട്ടം<br>• സ്കൂൾ മാസ്റ്റർ പ്ലാൻ<br>• സബ്ജില്ല സ്പോർട്സ് Over all<br>• സബ്ജില്ല ശാസ്ത്രമേള Over all<br>• സബ്ജില്ല കലോത്സവം Over all<br>• ഫുട്ബോൾ ടൂർണമെന്റ്<br>• USS, NMMS ഉന്നത വിജയം | • ഇംഗ്ലീഷ് ഫെസ്റ്റ്<br>• സുവനീർ<br>• പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ<br>• സ്കൂൾ ബസ്<br>• സബ്ജില്ല ശാസ്ത്രമേള<br>Over all – Maths, Science, Social science, Work Experience<br>• സബ്ജില്ല കലോത്സവം<br>Over all second (HS)<br>• സബ്ജില്ല സ്പോർട്സ് ഉന്നത വിജയം കരസ്തമാക്കി<br>• സ്കൂൾ ഫുട്ബോൾ ടൂർണമെന്റ് സെലക്ഷൻ<br>• എസ് എസ് എൽ സി - 33 A+<br>• USS, NMMS – നേട്ടം |

# ഉപസംഹാരം

നവലിബറൽ സാമ്പത്തിക നയങ്ങൾ പൊതുയിടങ്ങളെ അപ്രസക്തമാക്കുന്ന വാർത്തകളാണ് അനുദിനം ലോകത്തും നമ്മുടെ രാജ്യത്തും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസ രംഗം ഇപ്പോൾതന്നെ ദൂരവ്യാപകമായ ദോഷഫലങ്ങളിലൂടെ കടന്നു കൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി. ആയതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നാട്യങ്ങൾ ഏതുമില്ലാതെ നൻമകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും, മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ അക്കാദമിക രേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.